**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2886** **18-03-2022 - ൽ മറുപടിയ്ക്ക്**

**മുട്ടിൽ മരംമുറി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ . സണ്ണി ജോസഫ് | | null<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | മുട്ടിൽ മരംമുറി സംഭവത്തിൽ ആരോപണങ്ങൾ നേരിട്ട ഫോറസ്റ്റ് കൺസർവേറ്ററെ സസ്പെൻഡ് ചെയ്യാൻ അന്വേഷണ സംഘം ശിപാർശ ചെയ്തിട്ടുണ്ടോ; | (എ) | മരം മുറി സംബന്ധിച്ച എല്ലാ വിഷയത്തിലും സമഗ്രമായ അന്വേഷണം നടത്താനായി സർക്കാർ നിയോഗിച്ച ADGP ക്രൈംബ്രാഞ്ചിന്റെ നേതൃത്വത്തിലുള്ള സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം ഈ വിഷയത്തിൽ ശുപാർശകളൊന്നും വനം വകുപ്പിന് നൽകിയിട്ടില്ല. |
| (ബി) | വയനാട്ടിൽ നിന്നും മുറിച്ച് പെരുമ്പാവൂരിലേക്ക് കടത്തിയ മരങ്ങൾ പിടിച്ചെടുത്ത മേപ്പാടി റേഞ്ച് ഓഫീസറെ കുടുക്കാനും അന്വേഷണം വഴിതെറ്റിക്കാനും പ്രസ്തുത ഫോറസ്റ്റ് കൺസർവേറ്റർ ശ്രമിച്ചെന്ന് അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ടോ; | (ബി) | കേസിൽ അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്. |
| (സി) | മുട്ടിൽ മരംമുറി സംഭവത്തിൽ ഫോറസ്റ്റ് കൺസർവേറ്ററെ സസ്പെൻഡ് ചെയ്യാൻ തയ്യാറാകാത്തതിന്റെ കാരണം വിശദമാക്കാമോ? | (സി) | മുട്ടിൽ മരം മുറി സംഭവത്തിൽ ഫോറസ്റ്റ് കൺസർവേറ്റർക്കെതിരെയുള്ള അച്ചടക്ക നടപടികൾ സംബന്ധിച്ച് സർക്കാർ തലത്തിൽ പരിശോധിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ